നമ്പർ: ICPS-3/020452/15

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ്ഭവൻ,തിരുവനന്തപുരം
തീയതി: 30.06.2015

## സർക്കുലർ

വിഷയം:- സാമൂഹ്യനീതി വകുപ്പ് - ICPS - DCPU അക്കൗണ്ടന്റ്മാർ, ഡാറ്റ എൻട്രി ഓപ്പറേറ്റർമാർ, ഡാറ്റ അനലിസ്റ്റുകൾ, ICPS ലെ അക്കൗണ്ടന്റ്മാർ, ഡാറ്റ എൻട്രി ഓപ്പറേറ്റർമാർ, എന്നിവർക്ക് ടാലി സോഫ്റ്റ്‌വെയർ പരിശീലനം – ട്രെയിനിംഗ് വർക്ക്ഷോപ്പ് സംബന്ധിച്ച്.

സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ കീഴിൽ പ്രവർത്തിക്കുന്ന ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകളിലെ ജീവനക്കാർക്കും ICPS ജീവനക്കാർക്കും ടാലി സോഫ്റ്റ്‌വെയർ പരിശീലനം നൽകുന്നതിന് 07.07.2015 മുതൽ 10.07.2015 വരെ ഒരു ട്രെയിനിംഗ് വർക്ക്ഷോപ്പ് നടത്തുന്നതാണ്. ട്രെയിനിംഗ് വർക്ക്ഷോപ്പ് കോവളം അനിമേഷൻ സെന്ററിൽ വച്ചാണ് നടത്തുന്നത്. ട്രെയിനിംഗ് വർക്ക്ഷോപ്പിൽ എല്ലാ ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകളിലെയും അക്കൗണ്ടന്റ്മാർ, ഡാറ്റ എൻട്രി ഓപ്പറേറ്റർമാർ, ഡാറ്റ അനലിസ്റ്റുമാർ എന്നിവർ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. 06.07.2015 വൈകുന്നേരം എത്തിച്ചേരുന്നവർ മുൻകൂട്ടി കോവളം അനിമേഷൻ സെന്ററിൽ 0471 - 2484412 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

ട്രെയിനിംഗിൽ പങ്കെടുക്കുന്ന ജില്ലാ ശിശു സംരക്ഷണ യൂണിറ്റിലെ ജീവനക്കാർ അതാത് ജില്ലകളിൽ ഓഫീസ് ഉപയോഗത്തിനായി അനുവദിച്ച് നൽകിയിട്ടുള്ള ലാപ്പ്ടോപ്പും കൊണ്ടുവരണം. കൂടാതെ 2015 ഏപ്രിൽ,മെയ്,ജൂൺ മാസങ്ങളിലെ സാമ്പത്തിക ഇടപാടുകളുടെ വിശദവിവരങ്ങളും നിർബന്ധമായും കൈവശം കൊണ്ടു വരേണ്ടതാണ്.

(ഒപ്പ്)

സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്

പകർപ്പ്,

1. എല്ലാ DCPO മാർക്കും
2. ICPS – 4.
3. Stock File.